"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - പോലീസ് വകുപ്പിൽ സേവനത്തിലിരിക്കെ നിര്യാതനായ നാസുമുദ്ദീൻ എ-യുടെ മകൾ കുമാരി ഷബ്ന നാസ് എസ് ആശ്രിത നിയമനം ലഭിക്കുന്നതിനായി തസ്തികമാറ്റം അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(കെ) വകുപ്പ്**

സ.ഉ.(സാധാ) നം.1562/2024/HOME തീയതി,തിരുവനന്തപുരം, 03-06-2024

---

പരാമർശം:-

1. 24.05.1999 ലെ സ.ഉ.(പി)നം. 12/99/ഉ.ഭ.പ.വ.
2. കുമാരി. ഷബ്ന നാസ്. എസ് 12.03.2020-തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
3. സംസ്ഥാന പോലീസ് മേധാവിയുടെ 16/09/2020 ലെ എം4(എ)-80408/2020/പി.എച്ച്.ക്യു നമ്പർ കത്ത്.
4. കൊല്ലം ജില്ലാ കളക്ടറുടെ 06/02/2021 ലെ ഡി.സി.കെ.എൽ.എം/12309/2020-എസ്4 നമ്പർ കത്ത്
5. കുമാരി. ഷബ്ന നാസ്. എസ് 23.11.2021-ൽ സമർപ്പിച്ച തസ്തികമാറ്റ അപേക്ഷ.
6. സംസ്ഥാന പോലീസ് മേധാവിയുടെ 02/04/2024 ലെ എം4(എ)-211017/2023/പി.എച്ച്.ക്യു നമ്പർ കത്ത്.

**ഉത്തരവ്**

പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 20.09.2019-ൽ നിര്യാതനായ നാസുമുദ്ദീൻ എ-യുടെ മകൾ കുമാരി.ഷബ്ന നാസ് എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനം ലഭിക്കുന്നതിനായി പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം 3 പ്രകാരം സംസ്ഥാന പോലീസ് മേധാവിയും, പരാമർശം 4 പ്രകാരം കൊല്ലം ജില്ലാ കളക്ടറും ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ, ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേയ്ക്ക് മാറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കുമാരി. ഷബ്ന നാസ്. എസ് പരാമർശം 5 പ്രകാരം അപേക്ഷ സമർപ്പിക്കുകയും ടിയാൾ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് ആവശ്യമായ കായിക-ആരോഗ്യ-ശാരീരിക ക്ഷമത നേടിയിട്ടുള്ളതായി സംസ്ഥാന പോലീസ് മേധാവി പരാമർശം 6 പ്രകാരം റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

2. സേവനത്തിലിരുന്ന വ്യക്തിയുടെ മരണസമയത്ത് അപേക്ഷകൻ മേജറാണെങ്കിൽ, മരണതീയതി മുതൽ 2 വർഷത്തിനുള്ളിൽ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 19-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരിക്കൽ സമർപ്പിച്ച അപേക്ഷയിലെ തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് ഈ കാലയളവിനുള്ളിലായിരിക്കണമെന്ന് പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 25-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നാസുമുദ്ദീൻ എ - യുടെ മരണസമയത്ത് മേജർ ആയിരുന്ന അപേക്ഷകൻ (ജനനതീയതി-22.07.1999) എൽ.ഡി.ക്ലർക്ക് തസ്തികയിലേയ്ക്കുള്ള ആശ്രിത നിയമന അപേക്ഷ യഥാസമയം സമർപ്പിച്ചിട്ടുണ്ടെങ്കിലും പോലീസ് കോൺസ്റ്റബിൾ തസ്തികയിലേയ്ക്ക് തസ്തികമാറ്റം ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിക്കുന്നതിൽ 2 വർഷത്തേയും 2 മാസത്തേയും 4 ദിവസത്തേയും കാലതാമസം ഉണ്ടായിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുമാരി ഷബ്ന നാസ് എസ് ആശ്രിത നിയമന വ്യവസ്ഥപ്രകാരം നിശ്ചിതസമയപരിധിയ്ക്കകം എൽ.ഡി ക്ലർക്ക് തസ്തികയിലേക്ക് അപേക്ഷിക്കുകയും, നിയമനത്തിനായി പൊതുഭരണ വകുപ്പിലേക്ക് ശിപാർശ ചെയ്യുകയും ചെയ്തിരുന്നെങ്കിലും പ്രസ്തുത തസ്തികയിൽ ആവശ്യമായ ഒഴിവുകളില്ലാത്തതിനാൽ നിയമനം നീണ്ടുപോകുന്ന സാഹചര്യത്തിലാണ് ടിയാൾ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് തസ്തിക മാറ്റ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൾ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കാവശ്യമായ കായിക-ആരോഗ്യ-ശാരീരിക ക്ഷമത കൈവരിച്ചിട്ടുള്ളതായി സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. അതിനാൽ പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 20/09/2019 ൽ നിര്യാതനായ നാസുമുദ്ദീൻ എ-യുടെ മകൾ കുമാരി ഷബ്ന നാസ് എസ് പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി തസ്തികമാറ്റ അപേക്ഷ സമർപ്പിച്ചതിൽ ഉണ്ടായ 2 വർഷത്തെയും 2 മാസത്തെയും 4 ദിവസത്തെയും കാലതാമസം മാപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SYAM T K
ഡെപ്യൂട്ടി സെക്രട്ടറി

കുമാരി. ഷബ്ന നാസ്.എസ്, വെസ്റ്റ് പോലീസ് ക്വാർട്ടേഴ്സ് എസ്3 ഇ, അമ്മച്ചി വീട്, തിരുമുല്ലാവാരം പി.ഒ, കൊല്ലം-691012(അറിവിലേയ്ക്കായി)
സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
പൊതുഭരണ(സർവ്വീസസ് ഡി) വകുപ്പ്.
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Smitha K P
Date: 04-06-2024 10:45:42
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.